പൊതുവിദ്യാഭ്യാസ
സംരക്ഷണ യജ്ഞം

# എ.എം.എൽ.പി.സ്കൂൾ
# കോട്ടുമല

വേങ്ങര സബ്ജില്ല

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എ.എം.എൽ.പി.സ്കൂൾ, കോട്ടുമല |
| വിലാസം | : | ഊരകം, മേൽമുറി പി.ഒ, മലപ്പുറംജില്ല |
| ഫോൺ | : | 9947307801 |
| സ്കൂൾ കോഡ് | : | 19821 |
| വിദ്യാഭ്യാസ ഉപജില്ല | : | വേങ്ങര |
| വിദ്യാഭ്യാസ ജില്ല | : | തിരൂരങ്ങാടി |
| റവന്യൂ ജില്ല | : | മലപ്പുറം |
| ബി.ആർ.സി. | : | ഊരകം |
| സി.ആർ.സി. | : | ഊരകം |
| ഗ്രാമപഞ്ചായത്ത് | : | ഊരകം ( 12-ാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : | വേങ്ങര |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| നിയമസഭാ മണ്ഡലം | : | വേങ്ങര |
| ലോകസഭാ മണ്ഡലം | : | മലപ്പുറം |
| താലൂക്ക് | : | തിരൂരങ്ങാടി |
| വില്ലേജ് | : | ഊരകം |
| ഇ-മെയിൽ | : | amlpskottumala@gmail.com |

ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. നിലവിലെ അവസ്ഥാവിശകലനം
5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
6. പദ്ധതി വിശദാംശങ്ങൾ
7. പ്രതീക്ഷിത നേട്ടങ്ങൾ
8. മോണിറ്ററിംഗ്
9. ഉപസംഹാരം

അനുബന്ധം

1. വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ
2. മികവുകൾ, നടപ്പുവർഷം
3. കുട്ടികളുടെ എണ്ണം - മുൻവർഷം, നടപ്പുവർഷം
4. നിലവിലുള്ള അധ്യാപകർ, പി.ടി.എ. കമ്മിറ്റി അംഗങ്ങൾ

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തി ഏറെ വർദ്ധിച്ച കാലഘട്ട ത്തിലൂടെയാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. ഓരോ പ്രദേശത്തെയും സമസ്ത മേഖലയിലുമുള്ള പഠിതാക്കളെയും ഉൾക്കൊള്ളുന്നതിനും മതനി രപേക്ഷതയും മാനവികതയും ഉയർത്തിപ്പിടിക്കുന്നതിനും പൊതുവിദ്യാല യങ്ങൾക്കേ കഴിയൂ എന്ന് നമുക്കറിയാം. അതിനാൽ പൊതുവിദ്യാലയ ങ്ങൾ ശക്തിപ്പെടുത്തുന്നതിന് പൊതുസമൂഹം മുന്നിട്ടിറങ്ങേണ്ടതുണ്ട്. നമ്മുടെ ഭൗതിക നിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുകയും വേണം.

അക്കാദമിക മികവിലൂടെ മാത്രമേ വിദ്യാലയത്തെ മികവിലേക്കു യർത്താനാവൂ. കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിന് വരുംതല മുറയെ പ്രാപ്തരാക്കാൻ അക്കാദമികമായ ഉന്നതി കൈവരിക്കേണ്ടതുണ്ട്.

സ്കൂളിന്റെ അക്കാദമിക നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്ന തിന് ഉതകുന്ന കുറേ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയാണ് ഈ മാസ്റ്റർ പ്ലാൻ വഴി ചെയ്തിട്ടുള്ളത്. യഥാസമയങ്ങളിൽ ഇവ നടപ്പാക്കുകയും പ്രയാസങ്ങൾക്ക് അപ്പപ്പോഴുള്ള ഇടപെടലുകളിലൂടെ പരിഹാരം കാണു കയും ചെയ്യുന്നതോടൊപ്പം നിരന്തരമായ വിലയിരുത്തലുകളിലൂടെയും ഇത് പൂർണ്ണതയിലെത്തിക്കുന്നതിന് നമുക്ക് കൈകോർക്കാം.

## ലക്ഷ്യങ്ങൾ

1. സമഗ്രവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പുനൽകുന്ന, ഈ ഗ്രാമപ്രദേശത്തെ ഏക വിദ്യാലയമാണിത്. അതുകൊണ്ടുതന്നെ മുഴുവൻ ജനങ്ങൾക്കും തൃപ്തികരമായ രീതിയിൽ അക്കാദമിക ഉന്നതിയിലേക്ക് കുട്ടികളെ കൈപ്പിടിച്ചുയർത്താൻ സാധിക്കുന്ന തരത്തിൽ, വിദ്യാലയത്തെ മികവിലേക്ക് ഉയർത്തുക.

2. അക്കാദമികമായ ഈ ഉന്നതിയിലേക്ക് എത്താനാകുംവിധം വിദ്യാലയത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

3. ഓരോ ക്ലാസിലേയും പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടികൾ നേടേണ്ട ശേഷികൾ നേടുന്നതിന് ഉതകുംവിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും അവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള കലണ്ടർ തയ്യാറാക്കുകയും ചെയ്യുക.

4. സ്കൂൾ പ്രവർത്തനങ്ങൾക്ക് കൂടുതൽ അടുക്കും ചിട്ടയും വരുത്തി സമസ്ത മേഖലകളിലും വിദ്യാലയത്തെ മാതൃകാപരമാക്കുക.

5. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തെ വിദ്യാലയവുമായി അടുപ്പിക്കുകയും അതുവഴി വരുംവർഷങ്ങളിൽ എൻറോൾമെന്റ് വർദ്ധിപ്പിക്കുകയും ചെയ്യുക.

## വിദ്യാലയചരിത്രം

ഊരകം ഗ്രാമപഞ്ചായത്ത് 12-ാം വാർഡിൽ കോട്ടുമല ഗ്രാമത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കിഴക്ക് കടലുണ്ടിപ്പുഴയും പടിഞ്ഞാറ് കോട്ടുമല പറമ്പും തെക്ക് മമ്പീതിയും വടക്ക് കോട്ടുമല-മൂലപറമ്പ് പാലവും അതിരിടുന്ന പ്രദേശമാണ് സ്കൂളിന്റെ ഫീഡിംഗ് ഏരിയ.

1941ലാണ് ഈ വിദ്യാലയത്തിന് അംഗീകാരം ലഭിച്ചതായി കാണുന്നതെങ്കിലും അതിനും വർഷങ്ങൾക്കുമുമ്പുതന്നെ ഈ സ്ഥാപനം പ്രവർത്തിച്ചിരുന്നു. മുസ്ലീം ഭൂരിപക്ഷ പ്രദേശമായ കോട്ടുമലയിൽ ന്യൂനപക്ഷ വിദ്യാഭ്യാസ വികസനം ലക്ഷ്യമിട്ട് അന്നത്തെ ചില പ്രാദേശിക സാമൂഹ്യനായകർ മുൻകൈയ്യെടുത്ത് സ്ഥാപിച്ചതാണ് ഈ വിദ്യാലയം. ഈ നാടിന്റെ സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ വളർച്ച എന്നത് ഈ പ്രദേശത്തിന്റെ ചരിത്രമാണ്.

മുൻകാലത്ത് ഈ പ്രദേശത്ത് മത വിദ്യാഭ്യാസത്തിന് നേതൃത്വം നൽകിയിരുന്ന പണ്ഡിത ശ്രേഷ്ഠന്റെ പേരിനോട് ചേർത്താണ് കോട്ടുമല എന്ന ഗ്രാമം ഏറെ പ്രസിദ്ധിമായിട്ടുള്ളത്. തുടക്കം മുതൽ തന്നെ ഈ വിദ്യാലയത്തിൽ മുസ്ലീം മത വിഭാഗങ്ങളിൽപ്പെട്ട കുട്ടികളാണ് ഭൂരിപക്ഷവും പഠിതാക്കളായി ഉണ്ടായിരുന്നത്. ഇതര മതക്കാരായ കുട്ടികളുടെ എണ്ണം കുറവാണ്. 2012 മുതൽ ജനറൽ കലണ്ടർ അനുസരിച്ചാണ് വിദ്യാലയം പ്രവർത്തിച്ചുവരുന്നത്.

ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ അടുത്തകാലത്തായി വൻ കുതിപ്പുതന്നെ നടത്താൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. മികച്ച കെട്ടിടവും ടോയ്ലറ്റ് സൗകര്യങ്ങളും ലഭ്യമായത് അടുത്ത കാലത്താണ്. അതോടൊപ്പംതന്നെ നല്ല ഫർണ്ണീച്ചറുകളും സ്റ്റേജ് സൗകര്യവും ലഭ്യമായതും അടുത്ത കാലത്താണ്. ഒരു ചെറിയ പ്രീ-കെ.ഇ.ആർ കെട്ടിടത്തിലാണ്

മുൻകാലങ്ങളിൽ വിദ്യലയം പ്രവർത്തിച്ചിരുന്നത്. ഇതൊക്കെയൊണങ്കിലും ഈ വിദ്യാലയത്തിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിപ്പോയ പലരും ഇന്ന് സമൂഹത്തിൽ പല ഉന്നത നിലകളിലും വ്യാപരിക്കുന്നു എന്നത് ഈ സ്ഥാപനം അഭിമാനപൂർവ്വം നോക്കിക്കാണുന്ന കാര്യമാണ്.

നാടിന്റെ നാടിമിടിപ്പുകൾ തൊട്ടറിഞ്ഞ് എല്ലാവർക്കും സമഗ്രവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുവാൻ പൊതുവിദ്യാഭ്യാസത്തിനേ സാധിക്കുകയുള്ളുവെന്നത് ഒരു യാഥാർത്ഥ്യമാണ്. അക്കാദമിക രംഗത്ത് കൈവരിക്കുന്ന മികവാണ് യഥാർത്ഥ മികവ് എന്ന തിരിച്ചറിവ് നമുക്കുണ്ട്. അക്കാദമിക മികവ് ലക്ഷ്യമാക്കിയുള്ള ധാരാളം പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നുവരുന്നു.

# നിലവിലുള്ള അവസ്ഥാവിശകലനം

## ഈ വർഷത്തെ കുട്ടികളുടെ എണ്ണം

### PRE - PRIMARY

| Class | Boys | Girls | Total |
|---|---|---|---|
| LKG | 15 | 20 | 35 |
| UKG | 8 | 11 | 19 |
| Total | 23 | 31 | 54 |

### PRIMARY

| Class | Boys | Girls | Total |
|---|---|---|---|
| I | 14 | 19 | 33 |
| II | 17 | 23 | 40 |
| III | 14 | 14 | 28 |
| IV | 11 | 18 | 29 |
| Total | 56 | 74 | 130 |

## വിദ്യാലയം മികവിന്റെ കേന്ദ്രം: കാഴ്ചപ്പാട്

1. അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങളിൽ കുട്ടികൾ താൽപര്യത്തോടെ പങ്കാളികളാകുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക.
2. വിദ്യാലയം സമൂഹത്തിന്റേതാണ് എന്ന കാഴ്ചപ്പാട് സമൂഹത്തിൽ ഉറപ്പിക്കുക.
3. മൂല്യങ്ങളും മനോഭാവങ്ങളും രുപപ്പെടുത്തുന്നതിന് വിദ്യാഭ്യാസംകൊണ്ട് സാധിക്കുന്ന സാഹചര്യം ഉറപ്പാക്കൽ.
4. ഓരോ ക്ലാസിലെയും പഠനകാലം അവസാനിക്കുമ്പോൾ അതാത് ക്ലാസിൽ ആർജ്ജിക്കേണ്ട ശേഷികൾ കുട്ടികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
5. ഓരോ ക്ലാസിലേയും പിന്നാക്കക്കാരായ കുട്ടികൾക്ക് എഴുതാനും വായിക്കാനും സാധിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
6. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ സ്കൂളിന്റെ അക്കാദമിക നിലവാരം മികച്ചതാക്കുക.

# എം.ടി.എ. കമ്മിറ്റി

മഞ്ജുഷ : പ്രസിഡന്റ്
മുംതാസ് : വൈസ്.പ്രസിഡന്റ്

## അംഗങ്ങൾ

- ജസില
- ആസില
- ബിന്ദു
- സമീന
- ഉമ്മുസൽമ
- ഷൈനി
- അനീസ
- ഖദീജ
- ഷാഹിന.ടി

## നിലവിലുള്ള അധ്യാപകർ

- അബ്ദുൽ റസാഖ്.സി (പ്രധാനധ്യാപകൻ)
- ഷൈനി.എം
- അനീസ.സി.കെ
- രാജേഷ് ഇല്ലത്ത്
- ഖദീജ.സി.കെ
- മുഹമ്മദ് മുസ്തഫ.കെ.പി

## പ്രീ-പ്രൈമറി

- ഷാഹിന.ടി
- നജ്മത്തുന്നീസ.കെ

# നിലവിലുള്ള സ്കൂൾ പി.ടി.എ കമ്മിറ്റി

മുനീർ എരഞ്ഞിക്കൽ : പ്രസിഡന്റ്
ഇസ്ഹാഖ് എം.കെ : വൈസ്. പ്രസിഡന്റ്
ഹെഡ്മാസ്റ്റർ : സെക്രട്ടറി

അംഗങ്ങൾ

- ഷാജി മലയിൽ
- കുഞ്ഞഹമ്മദ് പി. ടി
- മനോജ് കൊടിഞ്ഞാൻ
- മഞ്ജുഷ
- മുംതാസ്
- ഷൈനി
- അനീസ
- കരീജ
- ഷാഹിന

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ്ഭാഷാ പഠനം
- ശാസ്ത്ര പഠനം
- കലാപഠനം
- കായിക പഠനം
- പ്രവൃത്തി പരിചയം
- ലൈബ്രറി ശാക്തീകരണം
- ജൈവ വൈവിധ്യപാർക്ക്
- ഐ.ടി. പഠനം
- പഠനയാത്ര
- ക്ലാസ് പി.ടി.എ. സജീവമാക്കൽ
- പോഷകാഹാര പരിപാടി
- മൂല്യനിർണയം
- ദിനാചരണം
- പച്ചക്കറിത്തോട്ടം
- പൊതുവിജ്ഞാനം
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം
- കലാ-കായിക മേള
- ആരോഗ്യ വിദ്യാഭ്യാസം
- സാഹിത്യകാരന്മാരെ പരിചയപ്പെടൽ

**സാമൂഹികം**

- പൂർവ്വവിദ്യാർത്ഥി സംഘം
- ഭവന സന്ദർശനം
- അംഗൻവാടി കലോത്സവം

**മേഖല: അക്കാദമികം**

**ഉപമേഖല: ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് (മലയാളത്തിളക്കം | **അക്ഷരം ഉറപ്പിക്കൽ**<br>• മണലിലെഴുത്ത്<br>• അക്ഷരക്കാർഡുകൾ നൽകൽ<br>• വായിച്ച ഭാഗങ്ങളിലെ ഊന്നൽ, അക്ഷരങ്ങൾ അടിവരയിടൽ<br>**ചിഹ്നങ്ങൾ ഉറപ്പിക്കൽ**<br>• ആഭരണം അണിയിക്കൽ<br>• ചിഹ്നങ്ങൾ നൽകി യോജിച്ച വാക്കുകൾ പാഠഭാഗത്തുനിന്നും കണ്ടെത്തുന്നു.<br>**വാക്യനിർമാണം**<br>• ചിത്രങ്ങൾ നൽകുന്നു. അനുയോജ്യമായ വാചകങ്ങൾ എഴുതുന്നു.<br>• വാക്കുകൾ നൽകി വാചകങ്ങൾ നിർമിക്കുന്നു. | 2 മാസം തുടർ പ്രവർത്തനം | അധ്യാപകർ<br>എസ്.ആർ.ജി. | |
| വായനാശേഷി മെച്ചപ്പടുത്തുന്നതിന് | **ക്ലാസ് ലൈബ്രറി ശക്തിപ്പെടുത്തൽ**<br>• ആഴ്ചയിൽ ഒരിക്കൽ കുട്ടികൾക്ക് പുസ്തകങ്ങൾ നൽകുന്നു. വായിച്ചതിൽ നിന്ന് ഇഷ്ടപ്പെട്ട കഥയുടെ | ജൂൺ മുതൽ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | വായനാക്കുറിപ് തയ്യാറാക്കി അവതരിപ്പിക്കുന്നു. | | | |
| | സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• ക്ലാസ് പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന രീതിയിൽ പുസ്തങ്ങളെ തരം തിരിക്കൽ (വിഷയാടിസ്ഥാനത്തിൽ) | ജൂൺ | എസ്.ആർ.ജി.<br>പി.ടി.എ | |
| | പത്രവായന<br>• ഓരോ ദിവസത്തെയും പ്രധാന വാർത്തകൾ എഴുതി ക്ലാസിലും അസംബ്ലിയിലും അവതരിപ്പിക്കുന്നു. | ജൂൺ മുതൽ | അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ | |
| | ദിനാചരണങ്ങൾ<br>• ക്വിസ് മത്സരങ്ങൾ<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കുന്നു.<br>• പത്രക്കട്ടിംഗുകൾ, ചിത്രങ്ങൾ എന്നിവ ശേഖരിക്കുന്നു. പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ | എസ്.ആർ.ജി. | |
| | ശ്രാവ്യവായന<br>• പാഠഭാഗങ്ങൾ ഉറക്കെ വായിപ്പിക്കൽ<br>• ചങ്ങല വായന (ഒരാൾ വായിച്ചതിന്റെ ബാക്കി അടുത്തയാൾ വായിക്കുന്നു.) | | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ചോദ്യങ്ങൾക്ക് ഉത്തരം എഴുതൽ<br>• ഖണ്ഡികയും ചോദ്യങ്ങളും ഓരോ കുട്ടിക്കും കോപ്പിയെടുത്ത് നൽകുന്നു. വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുന്നു. | ജൂൺ മുതൽ | അധ്യാപകർ | |
| | സമാന കവിതകൾ അവതരിപ്പിക്കൽ<br>• പാഠഭാഗവുമായി ബന്ധപ്പെട്ട കവിയുടെ മറ്റു കവിതകൾ കണ്ടെത്തി അവതരിപ്പിക്കൽ | ജൂൺ മുതൽ | | |
| ലേഖനശേഷി മെച്ചപ്പെടുത്തൽ | ചിത്രം നൽകി കുറിപ്പുകൾ തയ്യാറാക്കൽ<br>സംഭാഷണം പൂർത്തിയാക്കൽ<br>കഥാരചന<br>• ചിത്രം നൽകി കഥ എഴുതൽ<br>• കഥ പൂർത്തിയാക്കൽ<br>• കഥാപാത്രങ്ങൾ നൽകി കഥ നിർമിക്കൽ | ജൂൺ മുതൽ | അധ്യാപകർ | |
| | കവിതാ പൂരണം<br>• ഈണവും താളവും അനുസരിച്ച് കവിത പൂർത്തിയാക്കൽ<br>• വിഷയം നൽകി കവിതാരചന<br>• കവിതയെ കഥയാക്കൽ | ജൂൺ മുതൽ | അധ്യാപകർ | |
| | പത്രവാർത്ത തയ്യാറാക്കൽ<br>• പത്രം വിതരണം ചെയ്ത് പത്രവാർത്ത പരിചയപ്പെടുത്തൽ.<br>• തലക്കെട്ട് നൽകി പത്രവാർത്ത | പഠന പ്രവർത്തനവുമായ ബന്ധപ്പെട്ട് നട | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കൽ.<br>• വാർത്തയ്ക്ക് അനുയോജ്യമായ തലക്കെട്ട് നൽകൽ | ത്തുന്നു | | |
| | ആസ്വാദനക്കുറിപ്പ്<br>• കഥ, കവിത എന്നിവ നൽകി ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | | | |
| | സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ എടുത്ത് കുറിപ്പ് തയ്യാറാക്കുന്നു. | മാസത്തിലൊരിക്കൽ | അധ്യാപകർ | |
| | ദൃക്സാക്ഷി വിവരണം<br>• വീഡിയോ ക്ലിപ്പിംഗിലൂടെ ദൃക്സാക്ഷി വിവരണ മാതൃക ക്ലാസിൽ അവതരിപ്പിക്കുന്നു.<br>• തുടർന്ന് വിഷയവുമായി ബന്ധപ്പെട്ട ദൃക്സാക്ഷി വിവരണം തയ്യാറാക്കുന്നു. | പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് നടത്തുന്നു | അധ്യാപകർ | |
| | ആത്മകഥ തയ്യാറാക്കൽ | പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് നടത്തുന്നു | | |
| | ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ (ദിനാചരണങ്ങൾ) | പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് നടത്തുന്നു | | |
| | | | | |

| | | | | |
|---|---|---|---|---|
| സർഗ്ഗാത്മക.രചനകൾ പ്രകടനങ്ങൾ | പതിപ്പുനിർമാണം<br>• കഥാരചന<br>• കവിതാ രചന<br>• ചിത്രംവര | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി. ക്ലാസ് അധ്യാപകർ | |
| | ബാലസഭ<br>• കഥാകഥനം<br>• പ്രസംഗം<br>• കവിതാ പാരായണം<br>• ആംഗ്യപ്പാട്ടുകൾ | മാസത്തിലൊരിക്കൽ | എസ്.ആർ.ജി. അധ്യാപകർ | |
| | **ആവിഷ്കാരം**<br>• അഭിനയം<br>(സ്ക്രിപ്റ്റ് എഴുതി അഭിനയം ക്ലാസ് മുറിയിൽരൂപപ്പെട്ടത്) | | അധ്യാപകർ | |

**മേഖല: അക്കാദമികം**

**ഉപമേഖല: ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകളിലെ കുട്ടികളിൽ സംഖ്യാബോധം, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | അബാക്കസ്, സംഖ്യാ കാർഡുകൾ, സ്ഥാനവില പോക്കറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>• സ്ഥാനവില തിരിച്ചറിഞ്ഞ് അബാക്കസിൽ മുത്തുകൾ ക്രമീകരിക്കുന്നു.<br>• ക്രമീകരിച്ച മുത്തുകൾക്ക് അനുസരിച്ച് സംഖ്യകൾ എഴുതുന്നു, വായിക്കുന്നു. | ജൂൺ മുതൽ | എസ്.ആർ.ജി. അധ്യാപകർ | 2000 |
| | സംഖ്യാകാർഡുകൾ<br>• കാർഡുകൾ ഉപയോഗിച്ച് സംഖ്യാ നിർമാണം, വായന.<br>• ഇടയിലുള്ളത്, മുമ്പിലുള്ളത്, പിന്നിലുള്ളത് ഇവ കണ്ടെത്തൽ<br>• ആരോഹണം, അവരോഹണം ക്രമത്തിൽ കാർഡുകൾ വെക്കൽ, എഴുതൽ<br>സംഖ്യകളെ വ്യാഖ്യാനിക്കൽ | ജൂൺ മുതൽ | എസ്.ആർ.ജി. അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ചതുഷ്ക്രിയകൾ<br>• വസ്തുക്കൾ, സഖ്യാകാർഡുകൾ, പാമ്പും കോണിയും, ഡൈസ് കളി, സംഖ്യാപിരമിഡ്, സംഖ്യാമാല, മാന്ത്രിക ചതുരം, ഐ.ടി. എന്നിവ ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പി ക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| | ചതുഷ്ക്രിയകൾ ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>• മാതൃകാ ചോദ്യങ്ങൾ നൽകി വിശ കലന ചോദ്യങ്ങളിലൂടെ പ്രശ്നം നിർധാരണം ചെയ്യാൻ പ്രാപ്തരാ ക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| യുക്തിചിന്ത, മനക്കണക്കുകൾ ഇവയിൽ പ്രാവീണ്യം നേടുന്ന തിന് | പാറ്റേണുകൾ, കുസൃതിക്കണക്കുകൾ<br>• മനക്കണക്കുമായി ബന്ധപ്പെട്ട ധാരാളം മാതൃകകൾ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| ദൂരമളക്കൽ, നീളമളക്കൽ, ഭാരമള ക്കൽ തുടങ്ങിയ പ്രക്രിയാ ശേഷി കൾ വർദ്ധിപ്പിക്കുന്നതിന് | • ക്ലാസ് അന്തരീക്ഷം, വിദ്യാലയാന്ത രീക്ഷം തുടങ്ങിയവയെ ശേഷി കൾക്കനുസരിച്ച് ഉപയോഗപ്പെടു ത്തുന്നു.<br>(സ്കെയിൽ, ടാപ്പ്, ത്രാസ്, അളവു പാത്രങ്ങൾ ഗണിത ലാബിൽ സജ്ജീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് | പ്രധാനധ്യാപ കൻ<br>എസ്.ആർ.ജി., പി.ടി.എ. | |

| | | | | |
|---|---|---|---|---|
| സമയം, കലണ്ടർ എന്നിവയെ കൂടുതൽ അറിയുന്നതിന് | • ഐ.ടി. സാധ്യത ഉപയോഗിച്ച് സമയത്തെ ലളിതമായ രീതിയിൽ മനസ്സിലാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.<br>• ഗ്രൂപ്പിൽ കലണ്ടർ നൽകി പ്രത്യേകതകൾ കണ്ടെത്തുന്നു. (ചോദ്യങ്ങൾ നൽകി കലണ്ടറിൽ നിന്നും സ്വയം ഉത്തരം കണ്ടെത്തുന്നു) | പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് നടത്തുന്നു | ക്ലാസ് അധ്യാപകർ | |
| ഗണിതലാബ് രൂപീകരണം | • മുത്ത്, ഈർക്കിൾ, മഞ്ചാടി, ചിത്രങ്ങൾ, സ്കെയിൽ, ടാപ്പ്, ത്രാസ്, അളവു പാത്രങ്ങൾ, ക്ലോക്ക്, രൂപങ്ങൾ, ഗണിത മാസികകൾ, അബാക്കസ്, സ്ഥാനവില പോക്കറ്റ്, സംഖ്യാ കാർഡുകൾ, സ്ട്രോ, ഡൈസ്, വെയിംഗ് മെഷീൻ തുടങ്ങിയവ സജ്ജീകരിച്ച് ഗണിതലാബ് രൂപീകരിക്കുന്നു. | | പ്രധാനധ്യാപകൻ എസ്.ആർ.ജി., പി.ടി.എ. ബി.ആർ.സി. | 5000 |
| ഗണിതത്തിൽ താൽപര്യം വളർത്തൽ | ഗണിതച്ചെപ്പ്<br>• കുട്ടികൾക്ക് ഗണിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നൽകൽ. ഉത്തരങ്ങൾ കണ്ടെത്തി ബോക്സിൽ നിക്ഷേപിക്കുന്നു. വിജയിയെ കണ്ടെത്തുന്നു | ജൂൺ മുതൽ | എസ്.ആർ.ജി. | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുന്നതിന് | • ചിത്രങ്ങൾ നൽകി വാക്കുകളും വാക്യങ്ങളും, ചെറു കുറിപ്പുകളും തയ്യാറാക്കുന്നു.<br>• കഥ പറയലും, വായനയും<br>• വിവരണത്തിന് യോജിച്ച ചിത്രം വരയ്ക്കൽ<br>• റിഡിൽ നൽകുന്നു<br>• Teacher Talk ഉം Instructions ഉം ഇംഗ്ലീഷിൽ തന്നെ പറയുന്നു.<br>• വീഡിയോ, ഓഡിയോ മാതൃകകൾ കാണിക്കുന്നു | ജൂൺ മുതൽ | എസ്.ആർ.ജി. ക്ലാസ് അധ്യാപകർ | |
| Writing | • Small descriptions<br>• Add more lines<br>• Conversation<br>• Poster<br>• Notice<br>പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന ഈ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ മാതൃകകൾ, വീഡിയോ, ഓഡിയോ തുടങ്ങിയവ ഉപയോഗിച്ച് ഈ മേഖലകളിൽ കുട്ടികളെ കൂടുതൽ പ്രാപ്തരമാക്കുന്നു. | ജൂൺ മുതൽ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാനൈപുണി വർദ്ധിപ്പിക്കുന്നതിന് | ഇംഗ്ലീഷ് അസംബ്ലി<br>• ആഴ്ചയിൽ ഒരിക്കൽ അസംബ്ലി ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ രണ്ടുദിവസം | എസ്.ആർ.ജി. അധ്യാപകർ | |
| | ഇംഗ്ലീഷ് ഫെസ്റ്റ്<br>• കുട്ടികളുടെ സർഗാത്മക പ്രകടനങ്ങൾ<br>• ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | എസ്.ആർ.ജി. അധ്യാപകർ | |
| പദപ്രശ്നം | • മാസത്തിലൊരിക്കൽ പദപ്രശ്നം ചോദ്യം നൽകി, രണ്ടാഴ്ചക്കുള്ളിൽ ഉത്തരം കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുന്നു.<br>• ഒന്നിൽ കൂടുതൽ വിജയികളുണ്ടെങ്കിൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തി സമ്മാനം നൽകുന്നു. | മാസത്തിൽ ഒരിക്കൽ | എസ്.ആർ.ജി. അധ്യാപകർ | |

**മേഖല: അക്കാദമികം**

**ഉപമേഖല: ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നുമുതൽ നാലുവരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും ശാസ്ത്രമൂല ഉറപ്പാക്കൽ | • പ്രസ്തുത ക്ലാസിലേക്കുള്ള ശാസ്ത്ര പഠനത്തിനു സഹായകമായി ശാസ്ത്ര മൂലയിൽ ഉണ്ടായിരിക്കേണ്ട ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | അധ്യാപകർ | |
| | • തയ്യാറാക്കിയ ലിസ്റ്റിൽ ശേഖരിക്കുന്നവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കുന്നവ എന്ന രീതിയിൽ തരം തിരിക്കൽ | ജൂലൈ | അധ്യാപകർ എസ്.ആർ.ജി. | |
| | • തയ്യാറാക്കിയ ലിസ്റ്റിനനുസരിച്ചുള്ള സാമഗ്രികൾ വാങ്ങൽ | ജൂലൈ | പ്രധാനാധ്യാപകൻ എസ്.ആർ.ജി. | 1000 |
| | • ശാസ്ത്രമൂല ക്രമീകരിക്കാൻ ആവശ്യമായ ഉപകരണങ്ങൾ ഉപയോഗിച്ച് അലമാര നിർമിക്കൽ | ആഗസ്ത് | പി.ടി.എ. അധ്യാപകർ എസ്.ആർ.ജി. പ്രധാനാധ്യാപകൻ | 10000 |
| | • ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ശേഖരിക്കൽ | | പി.ടി.എ. അധ്യാപകർ പ്രധാനാധ്യാപകർ | 2000 |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പതിപ്പുകൾ തയ്യാറാക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട് തീം അനുസരിച്ച് പതിപ്പുകൾ തയ്യാറാക്കൽ, ചിത്രങ്ങളുടെ ശേഖരണം, ആൽബങ്ങൾ തുടങ്ങിയവ തയ്യാറാക്കൽ | | ക്ലാസ് അധ്യാപകർ | |

**ഉപമേഖല: കലാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകൾ വളർത്തുന്നതിന് | • നൃത്തം, പാട്ട് എന്നിവയിൽ പരിശീലനം നൽകുന്നു. | ഒരു വർഷം | എസ്.ആർ.ജി. പി.ടി.എ. | 5000 |
| | • കുട്ടികളിൽ കളറിംഗ്, ചിത്രരചന എന്നിവയിൽ കഴിവ് വളർത്തുന്നതിന് കളറിംഗ് മത്സരങ്ങളും ചിത്രരചനാ മത്സരങ്ങളും നടത്തുന്നു. | വർഷത്തിൽ ഒരിക്കൽ | എസ്.ആർ.ജി. | |

**മേഖല : അക്കാദമികം**

**ഉപമേഖല: ലൈബ്രറി ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലൈബ്രറി ശാക്തീകരണം | • ക്ലാസിന് അനുയോജ്യമായ രീതിയിൽ തരംതിരിക്കൽ<br>• പുസ്തക ശേഖരണം<br>• ജന്മദിനത്തിന് ഒരു കുട്ടി രണ്ട് പുസ്തകം നൽകൽ<br>• പുസ്തകം വായിച്ച് കുറിപ്പ് തയ്യാറാക്കൽ | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി. പി.ടി.എ. പ്രധാനാധ്യാപകൻ | 10000 |

**ഉപമേഖല: ജൈവ വൈവിധ്യ പാർക്ക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ തൊട്ടറിഞ്ഞ് പഠിക്കാനുള്ള അന്തരീക്ഷം ഒരുക്കുന്നു | • സ്കൂളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ജൈവ വൈവിധ്യ പാർക്ക് നിർമിക്കൽ | ഒരു വർഷം | എസ്.ആർ.ജി., പി.ടി.എ., എസ്.എസ്.ജി., ഒ.എസ്.എ., മാനേജ്മെന്റ് | |

**മേഖല: അക്കാദമികം**

**ഉപമേഖല: കായിക പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമാണ പ്രവർത്തനങ്ങളിൽ പ്രാവീണ്യം നേടുന്നതിന് | • അതാതു പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വരുന്ന നിർമാണ പ്രവർത്തനങ്ങൾ പ്രവൃത്തി പരിചയത്തിന്റെ ഭാഗമായി നടത്തുന്നു. | | അധ്യാപകർ | |
| | • ഒറിഗാമി ശിൽപശാല വർഷത്തിലൊരിക്കൽ ഒറിഗാമി ശിൽപശാല നടത്തുന്നു. | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി. | 1000 |

**മേഖല: അക്കാദമികം**

**ഉപമേഖല: ഐ.ടി.പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐ.ടി. പരിശീലനം കാര്യക്ഷമമാക്കുന്നതിന് | • അതാത് ക്ലാസധ്യാപകർ ആഴ്ചയിൽ ഒരു പീരിയഡ് ഐ.ടി. ക്ലാസ് നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് അധ്യാപകർ | |
| | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഐ.ടി. യിലൂടെ ലളിതവും രസകരവും ആക്കുന്നു | | ക്ലാസ് അധ്യാപകർ | |

**ഉപമേഖല: പഠനയാത്ര**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നേരനുഭവത്തിലൂടെ കാര്യങ്ങൾ അറിയുന്നതിന് | • ചരിത്ര-ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു. | വർഷത്തിലൊരിക്കൽ | അധ്യാപകർ | |
| | എല്ലാ കുട്ടികളും (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെയും) പഠനയാത്രയിൽ പങ്കെടുപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കുന്നു. | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി., പി.ടി.എ., എസ്.എസ്. ജി | |

**മേഖല: അക്കാദമികം**

**ഉപമേഖല: സി.പി..ടി.എ. സജീവമാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സ്കൂളിന്റെ അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് | • യൂണിറ്റ് ടെസ്റ്റുകൾക്ക് ശേഷം പി.ടി.എ. വിളിച്ച് കുട്ടികളുടെ അക്കാദമിക പരമായ നേട്ടങ്ങളും പരിമിതികളും ചർച്ച ചെയ്യുന്നു. | മാസത്തിലൊരിക്കൽ | എസ്.ആർ.ജി. | |

**മേഖല: അക്കാദമികം**

**ഉപമേഖല: പോഷകാഹാര പരിപാടി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആരോഗ്യം നിലനിർത്തുന്നതിന് | • ആഴ്ചയിൽ ഓരോ ദിവസവും പോഷക സമൃദ്ധമായ വ്യത്യസ്ത വിഭവങ്ങൾ നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണച്ചുമതലയുള്ള അധ്യാപിക<br>പ്രധാനാധ്യാപകൻ<br>പി.ടി.എ. | സർക്കാർ ഫണ്ട് |

**മേഖല: അക്കാദമികം**

**ഉപമേഖല: മൂല്യനിർണയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ടേമിലും കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിന് | **ടേം മൂല്യനിർണയം**<br>• ടേം മൂല്യനിർണയത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഏത് മേഖലയിലാണോ പിന്നാക്കം നിൽക്കുന്നത് അതിൽ പരിശീലനം നൽകുന്നു. | ടേം പരീക്ഷക്കുശേഷം | ക്ലാസ് അധ്യാപകർ | |
| | **നിരന്തര മൂല്യനിർണയം**<br>• ഓരോ യൂണിറ്റനുശേഷവും നിരന്തര മൂല്യനിർണയം നടത്തി കുട്ടികളുടെ പഠനനിലവാരം മനസ്സിലാക്കി അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | യൂണിറ്റ് ടെസ്റ്റിനോടനുബന്ധിച്ച് | ക്ലാസ് അധ്യാപകർ | |

**മേഖല: അക്കാദമികം**

**ഉപമേഖല: ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറിവ് വർദ്ധിപ്പിക്കുന്നതിന് | • ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ ചർച്ച ചെയ്യുന്നു. അതാത് ദിവസങ്ങളിൽ നടത്തുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | |

**മേഖല: അക്കാദമിക**

**ഉപമേഖല: പച്ചക്കറിത്തോട്ടം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പോഷകാഹാര പരിപാടിയിലേക്ക് വിഷരഹിതമായ പച്ചക്കറികൾ ലഭിക്കുന്നതിന് | • വിദ്യാലയത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | ഒരു വർഷം | പി.ടി.എ<br>എസ്.ആർ.ജി.<br>പ്രധാനാധ്യാപകൻ | 5000 |

**മേഖല: അക്കാദമികം**

**ഉപമേഖല: പൊതുവിജ്ഞാനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ പൊതുവിജ്ഞാനം ഉണ്ടാക്കുന്നതിന് | • ആഴ്ചയിൽ 5 ചോദ്യങ്ങൾ നൽകുന്നു. അവയ്ക്കുള്ള ഉത്തരങ്ങൾ കണ്ടെത്തുന്നു. ശരിയുത്തരങ്ങൾ എഴുതിയവരിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നു. സമ്മാനം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | എസ്.ആർ.ജി. | |
| | **ക്വിസ് മത്സരം**<br>• മാസത്തിലൊരിക്കൽ ക്വിസ് മത്സരം നടത്തുന്നു | മാസത്തിലൊരിക്കൽ | എസ്.ആർ.ജി. ക്ലാസ് അധ്യാപകർ | |

**മേഖല: അക്കാദമികം**

**ഉപമേഖല: ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരെ പരിചയപ്പെടുന്നതിന് | • പാഠഭാഗവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ സാഹിത്യകാരന്മാരെക്കുറിച്ച് അസംബ്ലിയിലും ക്ലാസിലും പരിചയപ്പെടുത്തുന്നു. (ഐ.ടി., പാഠപുസ്തകം, ചിത്രം) | സന്ദർഭാനുസരണം | എസ്.ആർ.ജി., ക്ലാസ് അധ്യാപകർ | |

**മേഖല: അക്കാദമികം**

**ഉപമേഖല: പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ലാസ്റ്റിക് രഹിത വിദ്യാലയമായി മാറ്റൽ | • പ്ലാസ്റ്റിക് വാട്ടർ ബോട്ടിൽ, പാത്രങ്ങൾ, ഡിസ്പോസിബിൾ ഗ്ലാസുകൾ എന്നിവയെല്ലാം ഒഴിവാക്കി വിദ്യാലയത്തെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നു. | തുടർപ്രവർത്തനം | എസ്.ആർ.ജി., പി.ടി.എ. | |

**മേഖല: അക്കാദമികം**

**ഉപമേഖല: കലാ കായിക മേള**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കലാപരവും കായികപരവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് | കലാമേള<br>• കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വർഷാവസാനം സ്കൂൾ വാർഷികം നടത്തുന്നു.<br>കായിക മേള<br>• സ്കൂൾ കായികമേള നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു. | വർഷത്തിലൊരിക്കൽ | പി.ടി.എ.<br>എസ്.ആർ.ജി.<br>പ്രധാനാധ്യാപകൻ<br>എസ്.എസ്.ജി. | 30,000 |

മേഖല: അക്കാദമികം

ഉപമേഖല: ആരോഗ്യ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആരോഗ്യമുള്ള പൗരന്മാരെ വാർത്തെടുക്കുന്നതിന് | • ഹെൽത്ത് ഇൻസ്പെക്ടർ, മറ്റു ആരോഗ്യ പ്രവർത്തകർ തുടങ്ങിയ വരുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി. ഹെൽത്ത് ഡിപ്പാർട്ട്മെന്റ് | |

മേഖല: ഭൗതികം

ഉപമേഖല: കമ്പ്യൂട്ടർ റൂം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐ.ടി. പഠനം കാര്യക്ഷമമാക്കുന്നതിന് | • ആവശ്യമായ കമ്പ്യൂട്ടറുകളോടുകൂടിയ ഒരു മുറി സജ്ജമാക്കൽ | 2018–19 | സർക്കാർ | 2,50,000 |

മേഖല: ഭൗതികം

ഉപമേഖല: മാലിന്യ സംസ്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളും പരിസരവും ശുചിയാക്കുന്നതിനും ആരോഗ്യകരമാക്കുന്നതിനും | **ജൈവ മാലിന്യങ്ങൾ**<br>• ജൈവമാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നു.<br>**അജൈവ മാലിന്യങ്ങൾ**<br>• അജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ സ്കൂളിൽ ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നു. | ഒരു വർഷം | എസ്.ആർ.ജി.<br>പി.ടി.എ.<br>മാനേജ്മെന്റ് | |

മേഖല: ഭൗതികം

**മേഖല: സാമൂഹികം**

**ഉപമേഖല: പൂർവവിദ്യാർത്ഥി സംഘം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാമൂഹിക പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനും പൂർവവിദ്യാർത്ഥികളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നു | • സ്കൂൾ വാർഷികം, പഠനയാത്ര, പ്രവേശനോത്സവം, ദിനാചരണങ്ങൾ ആഘോഷങ്ങൾ തുടങ്ങിയ സന്ദർഭങ്ങളിൽ പൂർവ വിദ്യാർത്ഥികൾക്ക് ചുമതലകൾ നൽകുന്നു.<br>പൂർവവിദ്യാർത്ഥി<br>• സ്കൂളിൽ ബാച്ച് അടിസ്ഥാനത്തിൽ പൂർവ വിദ്യാർത്ഥി സംഗമം നടത്തുന്നു. സ്കൂളിന് ആവശ്യമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. | 2018-19 | പി.ടി.എ.<br>എസ്.ആർ.ജി.<br>എസ്.എസ്.ജി. | |

**മേഖല: സാമൂഹികം**

**ഉപമേഖല: ഭവന സന്ദർശനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നതിന് | • സ്കൂൾ പ്രദേശത്തെ വീടുകൾ സന്ദർശിക്കുകയും, പൊതുവിദ്യാലയത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. | വർഷത്തിലൊരിക്കൽ | പി.ടി.എ.<br>എസ്.ആർ.ജി. | |

മേഖല: സാമൂഹികം

ഉപമേഖല: അംഗൻവാടി കലോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അംഗൻവാടി വിദ്യാർത്ഥികളെ പൊതുവിദ്യാലയത്തിലേക്ക് ആകർഷിക്കാൻ | • വിദ്യാലയത്തിന്റെ പരിസരത്തുള്ള അംഗൻവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കുന്നു | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി. പി.ടി.എ. | |

## പ്രതീക്ഷിത നേട്ടങ്ങൾ

ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു. *സ്കൂൾ സമൂഹത്തിന്റേത്* എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു. വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു. മത നിരപേക്ഷ സമൂഹത്തെ നില നിർത്താൻ കഴിയുന്നു.

# മോണിറ്ററിംഗ്

പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനുവേണ്ടി രണ്ടാഴ്ചയിൽ ഒരിക്കൽ എസ്.ആർ.ജി. മീറ്റിംഗിൽ ചർച്ച ചെയ്ത് നടപടികൾ കൈക്കൊള്ളുന്നു.

# ഉപസംഹാരം

അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങളിൽ കുട്ടികളെ താൽപര്യത്തോടെ പങ്കാളികളാക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക, സ്കൂളിൽ നിന്നും പുറത്തുപോകുന്ന ഓരോ കുട്ടിയും എഴുതിലും വായനയിലും പിന്നാക്കക്കാരല്ല എന്ന് ഉറപ്പാക്കുക, സമൂഹത്തെ പരമാവധി വിദ്യാലയത്തോടടുപ്പിക്കുക. ജാതിമതത്തിനതീതമായി, പരസ്പര സ്നേഹവും സഹകരണവുമാണ് വേണ്ടത് എന്ന ചിന്ത കുട്ടികളിൽ വളർത്തുക എന്നീ ലക്ഷ്യസാക്ഷാത്കാരത്തിന് ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.